"ഭരണഭാഷ മാതൃ ഭാഷ"

നം. TRY /1317/2020-B3

ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം
തീയതി 09/09/2020

പ്രേഷകൻ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്
**എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും / എല്ലാ ട്രഷറി ഓഫീസർമാർക്കും**

സർ,

വിഷയം: **ട്രഷറി വകുപ്പ് – കോവിഡ്-19 – വ്യാപനം – ട്രഷറി വകുപ്പിലെ ഓഫീസുകളുടെ പ്രവർത്തനം – തുടർ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്**

സൂചന:
1) സ.ഉ(സാധാ) നം.2237/2020/പൊ.ഭ.വ. തീയതി 12/07/2020
2) ഈ ഓഫീസിലെ 14/07/2020-ലെ ഇതേ നം. കത്ത്
3) സ.ഉ(കൈ) നം.117/2020/പൊ.ഭ.വ. തീയതി 18/06/2020

സർക്കാർ നിശ്ചയിച്ച കോവിഡ് സുരക്ഷാ മുൻകരുതൽ പരിഗണിച്ച്, 50% ജീവനക്കാരെ വിനിയോഗിച്ചുകൊണ്ട് ട്രഷറി പ്രവർത്തിക്കുന്നതിനുള്ള ഒരു ക്രമീകരണമാണ് സൂചന (2) ലെ ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയിരുന്നത്. ഇതു പ്രകാരം ജീവനക്കാർ ഒന്നിടവിട്ട ദിവസങ്ങളിൽ ഡ്യൂട്ടിക്ക് ഹാജരായാൽ മതിയായിരുന്നു . ഈ ക്രമീകരണം അവശ്യ സർവ്വീസായ ട്രഷറിയുടെ സേവനം പൂർണ്ണതോതിൽ സർക്കാർ വകുപ്പുകൾക്കും ട്രഷറി ഇടപാടുകാർക്കും ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യം സംജാതമായിരിക്കുന്നുവെന്ന് ജില്ലാ ട്രഷറി ഓഫീസർമാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ, അക്കൗണ്ട്സ് തയ്യാറാക്കി യഥാസമയം അക്കൗണ്ടൻറ് ജനറലിന് സമർപ്പിക്കുക, ട്രഷറികൾ സ്വീകരിക്കുന്ന ബെനിഫിഷ്യറി ഫണ്ട് ട്രാൻസ്ഫറുകൾ സമയബന്ധിതമായി മുൻഗണനയിൽ പൂർത്തിയാക്കാനുള്ള നടപടികളെയും തടസ്സപ്പെടുത്തുന്നു. ഇതിലുപരി വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന ISO 27001 യുമായി ബന്ധപ്പെട്ട ലക്ഷ്യങ്ങളും സഫലീകരിക്കാൻ ഈ ക്രമീകരണം തടസ്സമാകുന്നതായി ബോധ്യപ്പെട്ടിരിക്കുന്നു. **ഈ സാഹചര്യത്തിൽ എല്ലാ ദിവസവും 50% ഹാജർ എന്ന ഈ ക്രമീകരണം 14/09/2020 മുതൽ പിൻവലിക്കുന്നു . 14/09/2020 മുതൽ പരമാവധി ജീവനക്കാരെ ജോലിക്ക് നിയോഗിച്ച് ട്രഷറിയുടെ പൂർണ്ണമായ പ്രവർത്തനം ട്രഷറി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.**

ഭിന്നശേഷിക്കാരായ ജീവനക്കാർ, ഒരു വയസ്സിനു താഴെയുള്ള കുട്ടികളുടെ അമ്മമാർ, ഗുരുതരമായ രോഗബാധിതരായ ജീവനക്കാർ, ഭിന്ന ശേഷിക്കാരായ കുട്ടികളെ പരിപാലിക്കുന്ന ജീവനക്കാർ , വൃദ്ധരായ മാതാപിതാക്കളെ പരിപാലിക്കുന്ന ജീവനക്കാർ എന്നിവരെ സാധ്യമാകുന്നിടത്തോളം ഈ മുൻഗണനയിൽ ഇടപാടുകാരുമായി നേരിട്ട് സമ്പർക്കം ഉണ്ടാകാൻ സാധ്യതയില്ലാത്ത തരത്തിൽ ജോലിക്ക് നിയോഗിക്കേണ്ടതാണ്. ഓഫീസ് മേധാവികൾക്ക് മേൽ ഗണത്തിൽ വരുന്ന ജീവനക്കാർക്ക് എന്തെങ്കിലും പ്രത്യേക പരിഗണന / ഇളവ് അനുവദിക്കേണ്ടതുണ്ടെന്ന് ബോധ്യമുണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരുടെ അപേക്ഷ പരിഗണിച്ച് ട്രഷറി പ്രവർത്തനം തടസ്സപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തി പ്രത്യേക പരിഗണന / ഇളവ് അനുവദിക്കാവുന്നതാണ്. മറ്റ് കാരണങ്ങളാൽ ജോലിക്ക് ഹാജരാകാത്ത ജീവനക്കാരുടെ ഹാജരില്ലായ്മ ലീവ് ആയി പിഗണിക്കുന്നതാണ്.

ഈ ക്രമീകരണത്തോടെ ട്രഷറി പ്രവർത്തനം നടത്തുമ്പോൾ ജീവനക്കാരുടേയും ഇടപാടുകാരുടേയും സുരക്ഷ ഉറപ്പുവരുത്താൻ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന എല്ലാ സുരക്ഷാ മുൻകരുതലുകളും, സൗകര്യങ്ങളും ട്രഷറിയിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ട്രഷറി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

വി.സാജൻ
ജോയിന്റ് ഡയറക്ടർ
ട്രഷറി ഡയറക്ടർക്കു വേണ്ടി

Directorate of Treasuries, "Krishna Buildings", T.C.No.28/629, Thycaud P.O., Thiruvananthapuram, Pin.695014. Ph.No.0471-2322533, Fax No.0471-2324229, Mail id:- keralatreasury@gmail.com. website:treasury.kerala.gov.in

a